# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 114 03.02.2020-ൽ മറുപടിയ്ക്ക്

### ലീഗൽ കൺസൽട്ടന്റുമാരുടെ നിയമനം

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | കേരളീയരായ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ ഏതെല്ലാം രാജ്യങ്ങളിൽ ലീഗൽ കൺസൽട്ടന്റുമാരെ നിയമിച്ചുവെന്നും ഇവർ ആരെല്ലാമാണെന്നും വെളിപ്പെടുത്തുമോ; | എ) | കേരളീയരായ പ്രവാസികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 6 ജി.സി.സി. രാജ്യങ്ങളിലായി 11 നോർക്ക ലീഗൽ കൺസൽട്ടന്റുമാരെ നിയോഗിച്ചിട്ടുണ്ട്. ഇവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | നോർക്ക ലീഗൽ കൺസൽട്ടന്റിന്റെ പേര് | രാജ്യം |
|---|---|---|
| 1 | അഡ്വ. രാജേഷ് സാഗർ | കുവൈറ്റ് |
| 2 | അഡ്വ. ശ്രീജിത്ത് കൃഷ്ണൻ | ബഹ്റൈൻ |
| 3 | അഡ്വ. ഗിരീഷ് അത്രങ്ങാടൻ | ഒമാൻ |
| 4 | അഡ്വ. സാബു രത്നാകരൻ | അബുദാബി (യു.എ.ഇ.) |
| 5 | അഡ്വ. ഫെമിൻ പണിക്കശ്ശേരി | ഷാർജ (യു.എ.ഇ.) |
| 6 | അഡ്വ. താഹാ യൂസഫ് | ഷാർജ (യു.എ.ഇ.) |
| 7 | അഡ്വ. അനലാ ഷിബു | ദുബായ് (യു.എ.ഇ.) |
| 8 | അഡ്വ. ബിനി സരോജ് | ദുബായ് (യു.എ.ഇ.) |
| 9 | അഡ്വ. തോമസ് പി.എം. | ദമാം (സൗദി അറേബ്യ) |
| 10 | അഡ്വ. നജ്മുദ്ദീൻ എ. | ദമാം (സൗദി അറേബ്യ) |
| 11 | അഡ്വ. നിസാർ കോച്ചേരി | ഖത്തർ |

| | | | |
|---|---|---|---|
| ബി) | ഇവർക്കുള്ള പ്രതിഫലം എത്രയാണെന്നും ഇവർക്ക് ബന്ധപ്പെട്ട രാജ്യങ്ങളിലെ കോടതികളിൽ ഹാജരായി കേസ് നടത്തുവാൻ അനുമതി ലഭ്യമാണോ എന്നും അറിയിക്കുമോ? | ബി) | ഓരോ നോർക്ക ലീഗൽ കൺസൾട്ടന്റിനും ഓണറേറിയമായി പ്രതിവർഷം 1,20,000/- രൂപയും (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) നോർക്ക ഏൽപിച്ചു നൽകുന്ന ഓരോ കേസിനും റിപ്പോർട്ട് നൽകുന്നതിനനുസരിച്ച് 10,000/- രൂപയും (പതിനായിരം രൂപ മാത്രം) വീതം പ്രതിഫലമായി നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.<br>നിയമസഹായം ലഭിക്കാതെ കേസുകളിൽ അകപ്പെട്ട് മിക്കപ്പോഴും പ്രവാസി മലയാളികൾ ജയിലുകളിൽ കഴിയുന്നുണ്ട്. ഇവരെ സഹായിക്കുന്നതിനായി കേസുകളിൻമേൽ നിയമോപദേശം നൽകുക, നഷ്ടപരിഹാരം/ ദയാഹർജികൾ തയ്യാറാക്കുക, നിയമ ബോധവത്ക്കരണ പരിപാടികൾ മലയാളി സാംസ്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക എന്നിവയാണ് നോർക്ക ലീഗൽ കൺസൾട്ടന്റിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. |

സെക്ഷൻ ഓഫീസർ